## പതിമൂന്നാം കേരള നിയമസഭ
## രണ്ടാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2444

11.10.11 -ൽ മറുപടിക്ക്

### ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങൾ

**ചോദ്യം**

ഡോ. എൻ. ജയരാജ്
ശ്രീ. സി.എഫ്. തോമസ്

ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ ?

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി.)

ഉന്നത വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ച് സർക്കാരിനും സർവ്വകലാശാലകൾക്കും ഉപദേശങ്ങൾ/ശുപാർശകൾ നൽകുകയെന്നതാണ് കൗൺസിലിന്റെ പ്രധാന ചുമതല.

പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നു.

1. ചോയ്സ് ബേയ്സ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായവും ഗ്രേഡിംഗും ഏർപ്പെടുത്തിക്കൊണ്ട് ഡിഗ്രിതല വിദ്യാഭ്യാസം പുന.സംഘടിപ്പിച്ചു.

2. ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് സ്കീം സംസ്ഥാന സർക്കാർ സഹായത്തോടെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ വിജയകരമായി

നടപ്പിലാക്കി വരുന്നു.

3. കോത്താരി കമ്മീഷന്റേയും ദേശീയ വിജ്ഞാന കമ്മീഷന്റേയും ശുപാർശകളുടെ അടിസ്ഥാനത്തിൽ സമീപസ്ഥ കോളേജുകൾ തമ്മിൽ പരസ്പര സഹകരണം വർദ്ധിപ്പിച്ചുകൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മയും സാമൂഹിക നീതിയും വർദ്ധിപ്പിക്കുന്നതരത്തിൽ ക്ലസ്റ്റർ കോളേജ് സംവിധാനം നടപ്പിലാക്കി.

4. രാജ്യത്തിനകത്തും പുറത്തുമുള്ള പ്രമുഖ പണ്ഡിതന്മാരുമായി (നോബൽ സമ്മാന ജേതാക്കളെടക്കം) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കും അക്കാദമിക സമൂഹത്തിനും സംവദിക്കാൻ അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടെ എറൂഡേറ്റ് പദ്ധതി നടപ്പിലാക്കി.

5. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സർവ്വകലാശാലകൾ തമ്മിലുള്ള അക്കാദമിക് എക്സ്ചേഞ്ച് പ്രോത്സാഹിപ്പിക്കാൻ റ്റീച്ചർ എക്സ്ചേഞ്ച് പദ്ധതി നടപ്പിലാക്കി.

കൂടാതെ സംസ്ഥാന ഉന്നത

വിദ്യാഭ്യാസ സൗകര്യങ്ങളുടെ സമഗ്രവിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഡേറ്റാ ബാങ്ക് തയ്യാറാക്കി വെബ്സൈറ്റിൽ നൽകാനുള്ള പദ്ധതിയും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ.